(സി) പ്രസ്തുത വിഭാഗത്തിൽ കൂടുതൽ തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി 23-9-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 136/2017/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം ഫിസിയോ തെറാപ്പിസ്റ്റിന്റെ 6 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) എല്ലാ താലൂക്ക് ആശുപത്രികളിലും ഈ തസ്തികകൾ സൃഷ്ടിക്കുന്നത് പരിശോധിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

പറപ്പൂക്കര ഫാമിലി ഹെൽത്ത് സെന്ററിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക

229 (4954) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട പറപ്പൂക്കര ഫാമിലി ഹെൽത്ത് സെന്ററിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

കായംകുളം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കരീലകുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്ന് കോടി രൂപക്കുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ അംഗീകരിച്ച് അറുപതുലക്ഷം രൂപ (60,00,000 രൂപ) അനുവദിച്ചിട്ടുണ്ട്. അഗ്നിരക്ഷാ സേവന വകുപ്പിൽ സിവിൽ ഡിഫൻസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി കായംകുളം നിലയത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുകയും 50 സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് ജില്ലാതല, സംസ്ഥാനതല പരിശീലനം നൽകുകയും അവരുടെ സേവനം സ്റ്റേഷൻ പരിധിയിൽ പ്രയോജനപ്പെടുത്തിയും വരുന്നു. വാർഷിക പദ്ധതിയിനത്തിലെയും മറ്റും ഫണ്ടുകൾ ഉപയോഗിച്ച് കായംകുളം നിലയത്തിൽ വാഹനങ്ങളെയും ഉപകരണങ്ങളെയും സുഗമമായ പ്രവർത്തനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. കായംകുളത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 15-6-2019-ൽ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

(ബി) ഇതിനായി പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് അടിയന്തര നടപടി സ്വീകരിക്കാമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly